**യാത്രയ്ക്കിടയിൽ**

നാം ജീവിതത്തിൽ നിന്നും എന്തെങ്കിലും പഠിക്കുന്നുണ്ടോ? സംസ്ക്കാര സമ്പന്നമായ ഒരു പൈതൃകം അവകാശപ്പെടാൻ നമുക്ക് എന്താണ് യോഗ്യത? ഏതൊരു സമൂഹത്തെയും രൂപപ്പെടുത്തുന്നത് ആ സമൂഹത്തിന്റെ കണ്ണീർ ഏറ്റുവാങ്ങുന്നവരാണെന്ന യാഥാർത്ഥ്യം നാം മറക്കുകയാണോ? യാത്രയ്ക്കിടയിൽ എന്ന ഈ പംക്തിക്ക് എന്നെ പ്രേരിപ്പിച്ചത് സദാ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ ചോദ്യങ്ങളാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പുകൾപെറ്റ പലരുമായും കത്തിടപാടു നടത്തി. പ്രതികരണം തികച്ചും ആശാജനകമായിരുന്നു. അവരുടെ പ്രതികരണമാണ് ഈ പംക്തി

സമ്പാദകൻ- **ടി. എൻ ജയചന്ദ്രൻ**

# ജീവിതം എന്നെ എന്തു പഠിപ്പിച്ചു?

**കെ.മുരളീധരൻ**



**ദൈ**വം സ്നേഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു. സഹജീവികളെ സ്നേഹിക്കുന്നതിലൂടെ മാത്രമേ ദൈവസായൂജ്യം ഉണ്ടാകൂ. ഞാൻ സ്നേഹം കൊടുത്തിട്ടുള്ളവരിൽ വിരലിൽ എണ്ണാവുന്ന ഏതാനും അപവാദങ്ങൾ ഒഴിച്ചാൽ ബാക്കിയുള്ള എല്ലാവരിൽനിന്നും എനിക്കു തിരിച്ചുകിട്ടിയിട്ടുണ്ട്. ഈ അപവാദങ്ങളുടെ പേരിൽ ഒരിക്കലും ഞാൻ മനഃപ്രയാസപ്പെട്ടിട്ടില്ല. കാരണം സ്നേഹം കൊടുക്കുക മാത്രമാണ് എന്റെ കർമ്മമെന്നും കർമ്മഫലം ഈശ്വരൻ നൽകുമെന്നും ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

•

**മ**നുഷ്യബന്ധങ്ങളേക്കാളും മാനുഷികമൂല്യങ്ങളേക്കാളും വലുതല്ല ഭൗതിക സ്വത്തുക്കൾ. മൂല്യങ്ങൾ വെടിയാതെ ജീവിച്ചാൽ ബാക്കിയുള്ളവ താനേ ഉണ്ടായിക്കൊള്ളും.

•

**ക**ഠിനാദ്ധ്വാനം, ലക്ഷ്യബോധം എന്നിവയോടൊപ്പം ജീവിതമൂല്യങ്ങളിലുള്ള കറയറ്റ വിശ്വാസവും ഉണ്ടായാൽ നല്ലതു മാത്രമേ വരൂ.

•

**ജീ**വിതത്തിൽ നല്ലതിനേയും ചീത്തയേയും തിരിച്ചറിയുവാൻ വിദ്യാഭ്യാസം സഹായിക്കുന്നു. വിദ്യാഭ്യാസത്തിലൂടെയേ വിമുക്തിയുള്ളു. എന്നാൽ തിരിച്ചറിയുന്നതിനുള്ള മനസ്സുണ്ടാക്കുകയാണ് ഏറ്റവും പ്രധാനം. അദ്ധ്യാപകർ സ്കൂളിൽ വിദ്യാഭ്യാസം നൽകുന്നതോടൊപ്പം വീട്ടിൽ മാനുഷികമൂല്യങ്ങളെക്കുറിച്ചും ജീവിതമൂല്യങ്ങളെക്കുറിച്ചും അച്ഛനമ്മമാർ കുട്ടികൾക്ക് ഉപദേശം നൽകേണ്ടതാണ്. അച്ഛനമ്മമാരുടെ ജീവിതം തന്നെയാണ് ഏറ്റവും നല്ല മാതൃക; ഏറ്റവും നല്ല ഉപദേശം.

•

**മൂ**ല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് ഇക്കാലത്തെ രാഷ്ട്രീയത്തിൽ വിജയിക്കുക ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയം എന്റെ വഴിയല്ല. ■

അബുദാബി (യു.എ.ഇ) യിലെ പ്രമുഖ യുവവ്യവസായികളിൽ ഒരാൾ. 'എസ്.എഫ്.സി' ഗ്രൂപ്പിന്റെ ഉടമസ്ഥൻ. സാമൂഹ്യ പ്രവർത്തകൻ. വിദ്യാഭ്യാസ തല്പരൻ.